**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227** **27-01-2026 - ൽ മറുപടിയ്ക്ക്**

**കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തിയവർക്ക് ശസ്ത്രക്രിയയുടെ ഭാഗമായി സ്ഥാപിച്ച മെഷീനുകളും അനുബന്ധ ഉപകരണങ്ങളും കാലപ്പഴക്കം കൊണ്ട് ഉപയോഗിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ വലിയ പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രുതിതരംഗം പദ്ധതിയിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് പുറമെ അനുബന്ധ ഉപകരണങ്ങളുടെ പരിപാലനം, കാലഹരണപ്പെടുന്ന സ്പീച്ച് പ്രൊസസ്സറിന്റെ അപ്ഗ്രഡേഷൻ എന്നീ തുടർ സേവനങ്ങളും നിശ്ചിത മാനദണ്ഡങ്ങൾക്കുവിധേയമായി പദ്ധതിപ്രകാരം തന്നെ നൽകിവരുന്നുണ്ട്. ഇത് ശ്രുതി തരംഗം പദ്ധതിയിലൂടെ മാത്രമല്ലാതെ മുൻകാലങ്ങളിൽ മറ്റ പദ്ധതികളിലൂടെയോ ക്രൗഡ് ഫണ്ടിംഗിലൂടെയോ അല്ലെങ്കിൽ സ്വന്തം ചെലവിലോ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ള ഗുണഭോക്താക്കൾക്കും ലഭ്യമാക്കി വരുന്നുണ്ട് എന്നുള്ളത് ഈ വിഷയത്തിൽ സമഗ്രമായ സേവനം ഉറപ്പുവരുത്തുന്നു എന്നുള്ളത് വ്യക്തമാക്കുന്നതാണ്. |
| (ബി) | പ്രസ്തുത മെഷീനുകളും അനുബന്ധസാമഗ്രികളും സർജറി നടത്തിയ ആശുപത്രിയിൽ നിന്നോ അംഗീകൃത ഏജൻസികളിൽ നിന്നോ ലഭ്യമാകാത്തത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കാലതാമസം കൂടാതെ പ്രസ്തുത പരാതികളിന്മേൽ പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | (ബി) | മെഷീനുകളും അനുബന്ധ സാമഗ്രികളും ശസ്ത്രക്രിയ നടത്തിയ ആശുപത്രിയിൽ നിന്നോ അംഗീകൃത ഏജൻസികളിൽ നിന്നോ ലഭ്യമാക്കാത്തത് സംബന്ധിച്ച പരാതികൾ ഒന്നും തന്നെ ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) | കാലപ്പഴക്കം കൊണ്ട് ഉപയോഗിക്കുവാൻ സാധിക്കാത്ത മെഷീനുകൾക്ക് പകരം കേൾവിശക്തി തിരിച്ചു കിട്ടുന്നതിനായി പുതിയ സാമഗ്രികൾ വാങ്ങുന്നതിന് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യം അനുവദിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (സി) | ശ്രുതിതരംഗം പദ്ധതിയിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് പുറമെ അനുബന്ധ ഉപകരണങ്ങളുടെ പരിപാലനം, കാലഹരണപ്പെടുന്ന സ്പീച്ച് പ്രൊസസ്സറിന്റെ അപ്ഗ്രഡേഷൻ എന്നീ തുടർ സേവനങ്ങളും നിശ്ചിത മാനദണ്ഡങ്ങൾക്കുവിധേയമായി പദ്ധതിപ്രകാരം ഇതിനോടകം തന്നെ നൽകിവരുന്നുണ്ട്. ആയതിനാൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് |

| | | | |
|---|---|---|---|
| | | | ആനുകൂല്യം നിലവിൽ പദ്ധതി നയരേഖകളിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ